യു.പി

കൂട

കളികൾ



## പ്രവർത്തനം 1

# ഒരു വാട്ട്സപ്പ് കളി നൂറാക്കാം

വാട്ട്സപ്പിലൂടെയാണ് ഈ കളി കളിക്കുന്നത്. രണ്ട് ടീമുകൾ തമ്മിലാണ് കളിക്കുന്നത്. 10 പേർ ഉണ്ടെങ്കിൽ 5 പേർ വീതമുള്ള രണ്ട് ടീമാക്കാം. A, B എന്ന് ടീമിന് പേര് നൽകാം. A ടീമിൽ കളിക്കുന്നവർ A1, A2, A3, A4, A5 എന്നിവരും B ടീമിൽ കളിക്കുന്നവർ B1, B2, B3, B4, B5 എന്നിവരും ആണെന്നിരിക്കട്ടെ.

വാട്സപ്പിൽ A ടീമിലെ A1 ആദ്യം ഒരു നമ്പർ പോസ്റ്റ് ചെയ്യണം. ഏത് നമ്പറും ആകാം. ഈ നമ്പറിനെ ആദ്യം ഏത് ടീമാണോ 100 ആക്കുന്നത് അവർ ജയിക്കും. 100 ആക്കുന്നതിനു ചില നിയമങ്ങൾ ഉണ്ട്. അടുത്ത ഊഴം B1 ന്റേതാണ്. A2,B2,A3,B3,... എന്നിങ്ങനെ കളി തുടരും.

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവം

യു.പി

കൂട

കളികൾ



# പ്രവർത്തനം 1

1, 3, 5, 7 എന്നീ നമ്പരുകളും +, − , X, / എന്നീ ചിഹ്നങ്ങളും മാത്രമേ ഉപയോഗിക്കാവൂ. പക്ഷെ രണ്ടു ചിഹ്നവും 2 അക്കങ്ങളും മാത്രമേ ഒരാൾ ഉപയോഗിക്കാവൂ. ചിഹ്നവും അക്കവും ആവർത്തിക്കുകയും അരുത്. ഉദാഹരണത്തിന് 2 ആണ് A1 ആദ്യം എഴുതിയത് എങ്കിൽ B1 ന് 2x7+5 = 19 എന്ന് എഴുതാം. അടുത്തത് A2. B1 മാറ്റം വരുത്തിയ 70 എന്ന അക്കത്തേയാണ് A2 മാറ്റേണ്ടത്. A1, B1, A2, B2, A3, B3, A4, B4, A5, B5 പിന്നെ വീണ്ടും A1 ഇങ്ങനെ കളി തുടരാം. ആദ്യം 100 ആക്കുന്ന ടീം ജയിക്കും.

*(അടുത്തയാൾ 100 ആക്കും എന്ന് കണ്ടാൽ അയാൾക്ക് 100 ആക്കാൻ കഴിയാത്ത സംഖ്യയിലേക്ക് എത്തിക്കുക എന്നത് കളിയിൽ പ്രധാനമാണ്)*

കളിയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ മറക്കരുത്, അതിൽ ഓരോ നമ്പറും എങ്ങനെ മാറ്റി എന്നത് കാണിച്ചിരിക്കണം.





അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം